# SAHACHARI RELIEF CELL

Islamic Centre Rly. Link Road, Kozhikode - 2
Ph: 0495 - 2700177, 2700751
Website: www.skssf.in, Email: sahachari2007@gmail.com

ആതുര സേവനത്തിന്
സഹചാരി
SKSSF റിലീഫ് സെൽ

Download
SKSSF Sahchari App On
Google Play | App Store
skssfsahachari.com

Date: 30/01/2026

ഖാസി/ഖത്വീബ്/മഹല്ല് പ്രസിഡന്റ്/ജനറൽ സെക്രട്ടറി/
മഹല്ല് ജമാഅത്ത് കമ്മിറ്റിയിലേക്ക്

السلام عليكم

ബഹുമാന്യരെ,

ക്ഷേമമെന്ന് കരുതുന്നു. വിശുദ്ധ റമളാൻ വീണ്ടും സമാഗതമാവുകയാണല്ലോ! പുണ്യമാസത്തെ സൽകർമ്മങ്ങൾകൊണ്ട് ധന്യമാക്കാൻ വിശ്വാസികളെ സജ്ജമാക്കാൻ നമുക്ക് സാധിക്കട്ടെ!

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ വിദ്യാർത്ഥി വിഭാഗമായ എസ്.കെ.എസ്.എസ്.എഫിന് കീഴിൽ കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന സഹചാരി റിലീഫ് സെൽ ആതുര സേവന രംഗത്ത് നിസ്തുലമായ സേവനങ്ങൾകൊണ്ട് പ്രശംസനീയമാണല്ലോ!

ഓരോ വർഷവും റമളാനിലെ ആദ്യ വെള്ളിയാഴ്ചയിൽ നടത്തുന്ന ഫണ്ട് ശേഖരണത്തിലൂടെ സ്വരൂപിക്കുന്ന തുക കൊണ്ട് പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസമേകാൻ ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. അപകടങ്ങളെ തുടർന്നോ അവയവങ്ങളുടെ തകരാറുകൊണ്ടോ മറ്റോ രോഗികളാകേണ്ടിവരുന്നവരുടെയും ചികിത്സക്ക് സാമ്പത്തികമായി പ്രയാസമനുഭവിക്കുന്നവരുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് വളരെ സ്വകാര്യമായും സുതാര്യമായും സഹായം എത്തിച്ചു കൊടുക്കുന്ന രീതിയാണ് സഹചാരി റിലീഫ് സെൽ സ്വീകരിച്ചുവരുന്നത്.

കഴിഞ്ഞ വർഷം 585 ഹൃദ്രോഗികൾക്ക് 38,49,000 രൂപയും, 928 കാൻസർ രോഗികൾക്ക് 58,12,00 രൂപയും 1240 ഡയാലിസിസ് രോഗികൾക്ക് 63, 90, 500 രൂപയും റോഡ് അപകടത്തിൽപെട്ട 620 പേർക്ക് 64,03,500 രൂപയും മറ്റു 1,810 രോഗികൾക്ക് 1,82,88,500 രൂപയും, പതിനെട്ട് വയസ്സിന് താഴെയുള്ള 73 കാൻസർ രോഗികൾക്ക് സ്പെഷൽ ധനസഹായമായി 2,19,000 രൂപയും, ഡയാലിസിസ് ചെയ്യുന്ന 103 രോഗികൾക്ക് ഒരു വർഷത്തെ സഹായം 37,08 ,000 രൂപയും, കിഡ്നി മാറ്റി വെച്ച 100 രോഗികൾക്ക് ഒരു വർഷത്തെ സഹായം 30,00,000 രൂപയും മരുന്ന് വിതരണത്തിനായി 8,44,350 രൂപയും കഴിഞ്ഞ വർഷം സഹായം നൽകി.

കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് സഹചാരി ഹെൽപ്പ് ഡസ്ക് പ്രവർത്തിക്കുന്നു. എം.വി.ആർ കാൻസർ സെന്ററിനടുത്ത് വിപുലമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന സഹചാരി സെന്റർ നിരവധി രോഗികളുടെ ആശാകേന്ദ്രമാണ്. തിരുവനന്തപുരം ആർ.സി.സിയുടെ അടുത്ത് സഹചാരി സെന്റർ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.

ഈ വർഷത്തെ ഫണ്ട് ശേഖരണം റമളാൻ ആദ്യ വെള്ളി (ഫെബ്രുവരി 20) നടക്കുകയാണ്. ആവശ്യമായ ഉദ്ബോധനം നടത്തി നിങ്ങളുടെ മഹല്ലിൽനിന്നും പരമാവധി ഫണ്ട് ശേഖരിക്കാൻ നിങ്ങളുടെ അകമഴിഞ്ഞ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മഹല്ല് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അല്ലാഹു നമുക്ക് വിജയം നൽകട്ടെ! നമ്മുടെ ദീനീ സേവനങ്ങൾ സ്വീകരിക്കട്ടെ ആമീൻ

എന്ന്

**സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ**
(പ്രസിഡന്റ്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ)

**കെ.ആലിക്കുട്ടി മുസ്‌ലിയാർ**
(ജന. സെക്രട്ടറി, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ)

**പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ**
(പ്രസിഡന്റ്, സുന്നി യുവജന സംഘം)

**പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ**
(ചെയർമാൻ, സഹചാരി റിലീഫ് സെൽ & പ്രസിഡന്റ്
SKSSF സംസ്ഥാന കമ്മിറ്റി)